കവിത



കാരൂർ സോമൻ



# ഇനി കനൽക്കാലം

ചുടുരശ്മിയുടെ ചത്തവേരുകളിൽ
ഞാനൊരു ലോകം തിരയുന്നു
പ്രാണനൊഴുകുന്ന പുഴയുടെ നെഞ്ചിൽ
ആരുമില്ലാതെൻ തോണി തുഴയുന്നു
വറ്റിവരണ്ടല്ലോ, ഹൃദയവും മനസ്സും
ചത്ത നിന്റെ നെഞ്ചിൻകൂട്ടിലേക്കിറ്റു
നീരു ചാർത്താൻ ഒരു തുള്ളി
വെള്ളത്തിന്റെ ജീവസ്പന്ദമില്ലല്ലോ
വറ്റിവരണ്ട സ്വപ്നത്തിൽ
തിളച്ചുമറിയുന്നിതാ അഗ്നിയുടെ
കണിക്കാഴ്ചയും അലമുറകളും
ഒരു ജലകണത്തിന്റെ പേറ്റുവേദന
അറിയുന്നു, നീറുവയുടെ പ്രാണവേദന
ഒരു തുള്ളിയുടെ പുക്കിൾക്കൊടി വേദനയിൽ
വരണ്ടനാവിലും നെഞ്ചിലും ഞാനറിയുന്നു,
ജലസൗഗന്ധികത്തിന്റെ നീറ്റലും വിങ്ങലും
മറഞ്ഞുപോയ നിന്റെ മൗനഗീതങ്ങൾ
ഇന്നിതാ, ഉണങ്ങിവറ്റിയല്ലോ,
എന്റെ മാനസസരോവരവും
നിന്റെ മുലപ്പാലും ഹൃദയവും
എന്റെ ജീവന്റെ നേരുറവകളും.